**<u>വേനൽക്കാലമുന്നൊരുക്കവുമായി ബന്ധപ്പെട്ട് 10.03.2026-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൻ്റെ മിനിറ്റ്സ്</u>**

യോഗം ഉച്ചയ്ക്ക് 12.45 മണിക്ക് ആരംഭിച്ചു.

ബഹു. മുഖ്യമന്ത്രി യോഗത്തിൽ പങ്കെടുത്തവരെ സ്വാഗതം ചെയ്തു. ചീഫ് സെക്രട്ടറി വിഷയം അവതരിപ്പിക്കുകയും, ഇതുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ പവർ പോയിന്റ് പ്രസന്റേഷൻ ദുരന്ത നിവാരണ കമ്മിഷണർ അവതരിപ്പിക്കുന്നതിനായി അധ്യക്ഷനോട് അനുമതി അഭ്യർത്ഥിക്കുകയും ചെയ്തു. തുടർന്ന് ദുരന്ത നിവാരണ കമ്മിഷണർ വേനൽക്കാല മുന്നൊരുക്കങ്ങളെ കുറിച്ചും വിവിധ വകുപ്പുകൾ സ്വീകരിക്കേണ്ട നടപടികളെ കുറിച്ചും വിശദമായ പവർ പോയിന്റ് പ്രസന്റേഷൻ അവതരിപ്പിച്ചു.

1. വേനൽക്കാല മുന്നൊരുക്കത്തിന്റെ ഭാഗമായി സംസ്ഥാനത്ത് സംഭവിക്കാൻ സാധ്യതയുള്ള വിഷയങ്ങൾ പ്രത്യേകിച്ച് വരൾച്ച, കാട്ടുതീ, കുടിവെള്ള ക്ഷാമം, വന്യമൃഗ അക്രമണം തുടങ്ങി മറ്റ് അപകട സാഹചര്യങ്ങളടക്കം വിശദീകരിക്കുകയുണ്ടായി. ഈ സാഹചര്യങ്ങൾ ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന് ചീഫ് സെക്രട്ടറിയുടെ ചുമതലയിൽ വിവിധ വകുപ്പുകളുടെ (തദ്ദേശ/ജില്ല/വകുപ്പ്/സംസ്ഥാന തലങ്ങളിൽ) യോഗം കൂടുന്നതിന് ആവശ്യമായ നിർദ്ദേശം പുറപ്പെടുവിക്കേണ്ടതാണ്.

2. പ്രദേശിക ഹീറ്റ് ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ KSDMA തയ്യാറാക്കിയിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ മൂടാടി ഗ്രാമ പഞ്ചായത്ത് രൂപീകരിച്ചിട്ടുള്ള ഹീറ്റ് ആക്ഷൻ പ്ലാൻ മാതൃകയിൽ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ലോക്കൽ ഹീറ്റ് ആക്ഷൻ പ്ലാൻ നടപ്പാക്കാവുന്നതാണ്.

3. ചൂടിനെ നേരിടുന്നതിനായി I & PRD വകുപ്പിന്റെ നേതൃത്വത്തിൽ ആരോഗ്യവകുപ്പ് , മൃഗസംരക്ഷണം, ക്ഷീരവികസന വകുപ്പ്, തൊഴിൽ വകുപ്പ്, കൃഷി വകുപ്പ്, തദ്ദേശസ്ഥാപനങ്ങൾ, സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി എന്നിങ്ങനെയുള്ള വകുപ്പുകൾ അവരവരുടെ ബന്ധപ്പെട്ട മേഖലകളെ ഫോക്കസ് ചെയ്തുകൊണ്ട് ക്യാമ്പയിൻ നടത്താവുന്നതാണ്.

4. മുൻകരുതൽ പ്രവർത്തങ്ങളുടെ ഭാഗമായി ദൃശ്യ – ശ്രവ്യ മാധ്യമങ്ങളിലൂടെയും, പരിശീലന പരിപാടികളിലൂടെയും, അതിഥി തൊഴിലാളികളെ ബോധവൽരിക്കുന്നതിനായി ബഹുഭാഷാ മാധ്യമങ്ങളിലൂടെയുള്ള പ്രചാരണ പരിപാടികൾ ആസൂത്രണം ചെയ്യാവുന്നതാണ്.

5. തീപിടുത്ത സാധ്യതയുള്ള പൊതു/സ്വകാര്യ സ്ഥലങ്ങളുമായി ബന്ധപ്പെട്ട് ഫയർ ആഡിറ്റ് നടത്താവുന്നതാണ്.

6. വന്യജീവി ആക്രമണം, കാട്ടുതീ തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

7. വേനൽകാലത്ത് ചൂടിനെ പ്രതിരോധിക്കുന്നതിന് ആവശ്യമായ വിവിധ നടപടികൾ സംബന്ധിച്ച **SOP** തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിക്കാവുന്നതാണ്.

8. തണ്ണീർപ്പന്തലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

9. വേനൽകാലത്ത് പാതയോര/പൊതുസ്ഥല ഇടങ്ങളിലുള്ള വൃക്ഷങ്ങൾ നനക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

വേനൽക്കാലത്തെ ഫലപ്രദമായി പ്രതിരോധിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതുണ്ടെന്നും, മഴക്കാല മുന്നൊരുക്കവുമായി ബന്ധപ്പെട്ട വിഷയങ്ങൾ പിന്നീട് ചർച്ച ചെയ്യാവുന്നതാണെന്നും ബഹു. മുഖ്യമന്ത്രി യോഗത്തെ അറിയിച്ചു. തുടർന്ന്, വേനൽക്കാല മുന്നൊരുക്കം/പ്രതിരോധ പ്രവർത്തനങ്ങൾക്കായി താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

**<u>തീരുമാനങ്ങൾ</u>**

1. വരൾച്ചയെ ഫലപ്രദമായി നേരിടുന്നതിന് എല്ലാ ജില്ലാ കളക്ടർമാർക്കും 1 കോടി രൂപ വീതം സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും അനുവദിക്കാൻ തീരുമാനിച്ചു.

**നടപടി : ദുരന്ത നിവാരണ വകുപ്പ്**

2. വരൾച്ചയെ നേരിടുന്നതിന് സമയോചിതമായ നടപടികൾ ജില്ലാ കളക്ടർമാർക്ക് സ്വീകരിക്കാവുന്നതാണെന്നും, ഇതിനായി പ്രത്യേകമായി സർക്കാർ അനുമതികൾ ആവശ്യപ്പെടേണ്ടതില്ല.

**നടപടി :ജില്ലാ കളക്ടർമാർ**

3. വരൾച്ചയുടെ ഭാഗമായി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം **KWA** പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

**നടപടി :ജില്ലാ കളക്ടർമാർ, കേരള വാട്ടർ അതോറിറ്റി**

യോഗം ഉച്ചയ്ക്ക് **01.30** മണിക്ക് സമാപിച്ചു.

**<u>യോഗത്തിൽ പങ്കെടുത്തവർ :</u>**

ശ്രീ കെ.രാജൻ, ബഹു. റവന്യൂ വകുപ്പ് മന്ത്രി

ശ്രീ എ.കെ.ശശീന്ദ്രൻ, ബഹു. വനംവകുപ്പ് മന്ത്രി

ശ്രീ വി. ശിവൻകുട്ടി, ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി

ശ്രീ എം. ബി. രാജേഷ്, ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി

ശ്രീ ആർ. ബിന്ദു, ബഹു. ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി

ശ്രീ പി. പ്രസാദ്, ബഹു. കൃഷി വകുപ്പ് മന്ത്രി

ഡോ. എ. ജയതിലക്, ചീഫ് സെക്രട്ടറി

അഡിഷണൽ ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ്

അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്

അഡീഷണൽ ചീഫ് സെക്രട്ടറി, ആരോഗ്യ വകുപ്പ്

അഡിഷണൽ ചീഫ് സെക്രട്ടറി, ഊർജ്ജ വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, വനം വന്യജീവി വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, മൃഗസംരക്ഷണ വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, കൃഷി വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, ശാസ്ത്ര സാങ്കേതിക വകുപ്പ്

കമ്മീഷണർ, ലാൻഡ് റവന്യൂ

കമ്മീഷണർ, ദുരന്ത നിവാരണം

മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ വകുപ്പ്

എല്ലാ ജില്ലാ കളക്ടർമാർ